# ലോഗിൻ ടു സർഗ്ഗലയം

**ജാഗ്രതയോടെ നേരിടാം...**
**ഒറ്റപ്പെടൽ ആനന്ദകരമാക്കാം..**

## ലോക്ക് ഡൗൺ സമയത്ത് ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് അവരുടെ സമയം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും, സർഗ്ഗവാസനകൾക്ക് പ്രചോദനം നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള സംസ്ഥാന തല മത്സരം.

കോവിഡ് 19 ജാഗ്രത നിലനിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ എടുക്കേണ്ട മുൻകരുതലുകളെ കുറിച്ച് നമ്മൾ യഥാ സമയം ബോധവാന്മാരായിട്ടുണ്ട് .അതോടൊപ്പം തന്നെ കുട്ടികളിലെ മാനസിക പിരിമുറുക്കം ഒഴിവാക്കി ഉപയോഗപ്രദമായ ഒരു ലോക് ഡൗൺ കാലം സമ്മാനിക്കുവാനായി വ**നിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ** നേതൃത്വത്തിൽ സംസ്ഥാനത്തെ ബാലനീതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ഒരു മത്സരം സംഘടിപ്പിക്കുന്നു.


കോവിഡ് 19 ആയി ബന്ധപ്പെട്ട് നിലവിൽ നമ്മുടെ രാജ്യത്ത് പൂർണമായ സഞ്ചാര നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നമ്മളെല്ലാവരും വീട്ടിൽ തന്നെ തുടരുവാൻ നിർബന്ധിതരായിരിക്കുകയാണ് അതുതന്നെയാണ് ഈ അവസ്ഥയിൽ ഉത്തമവും. ഇതുവരെ നാം പിന്തുടർന്ന് വന്ന എല്ലാ ജീവിത രീതിയിൽ നിന്നും മാറി വീട്ടിൽ തന്നെ ഇരിക്കേണ്ടി വരുമ്പോൾ നമ്മുടെ സമയം എങ്ങനെ ചിലവഴിക്കണമെന്ന് വ്യക്തമായ ബോധ്യം നമുക്ക് ഉണ്ടാകേണ്ടതുണ്ട്. മുതിർന്നവർക്ക് ഈ സാഹചര്യത്തെ അതിജീവിക്കാൻ കഴിയും എന്നാൽ നമ്മുടെ കുട്ടികളുടെ കാര്യം വ്യത്യസ്തമാണ്, അവർ അവധിക്കാലം മറ്റു കുട്ടികളോടൊപ്പം കളികളും, യാത്രകളുമായി ചിലവഴിക്കാമെന്ന് പ്രതീക്ഷിച്ചിരുന്ന സമയത്താണ് ഈ മഹാമാരി നമ്മെ പിടിമുറുക്കിയത്. പൊതുവെ കുട്ടികൾ കളികളും മറ്റു പ്രവർത്തനങ്ങളുമായും അവധിക്കാലം ചിലവഴിക്കേണ്ടവരാണ് എന്നാൽ പതിവിന് വിപരീതമായി സ്ഥാപനത്തിൽ തന്നെ കഴിയേണ്ടി വരുമ്പോൾ ഉണ്ടാകാനിടയുള്ള മാനസീക പിരിമുറുക്കവും മറ്റും നാം മുൻകൂട്ടി മനസിലാക്കി പരിഹാരങ്ങൾ കാണേണ്ടതുണ്ട്. ഈ അവധിക്കാലത്ത് അവർ കളികളുമായും മറ്റു ക്രിയാത്മകമായ പ്രവർത്തനങ്ങളുമായും സജീവമായിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. അതിനായി നമ്മുടെ സ്ഥാപനത്തിൽ കഴിയുന്ന കുട്ടികളുടെ ദിനചര്യയിൽ ആവിശ്യമായ മാറ്റങ്ങൾ വരുത്തി ശാരീരിക വ്യായാമങ്ങൾക്കും, കളികൾക്കും, മാനസീക ഉല്ലാസത്തിനും പ്രാധാന്യം നൽകികൊണ്ട് പുനർക്രമീകരിക്കുകയും അതുവഴി അവരുടെ ദിനങ്ങൾ കൂടുതൽ ആനന്ദപ്രദമാക്കാവുന്നതാണ്.

താഴെ നൽകുന്ന വിവിധ ഇനം മത്സരങ്ങൾ സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ സ്ഥാപനത്തിൽ നടപ്പിലാക്കുകയും നടത്തിയ മുഴുവൻ പ്രവർത്തങ്ങളുടെയും വീഡിയോ ഫോട്ടോ എന്നിവ ഉൾപ്പെടുത്തി ഏകീകരിച്ച റിപ്പോർട്ട് **30.05.2020** തീയതിക്ക് മുൻപ് അതാത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ സമർപ്പിക്കേണ്ടതാണ്. ജില്ലയിൽ തിരഞ്ഞെടുക്കുന്ന മികച്ച 3 റിപ്പോർട്ടുകൾ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശുപാർശയുടെ സംസ്ഥാന തലത്തിലേക്ക് പരിഗണിക്കുന്നതാണ്.

***നോട്ട്:*** ***താഴെ കൊടുത്തിട്ടുള്ള ഏത് പ്രവർത്തനം ചെയ്യുമ്പോഴും കോവിഡ് 19 ആയി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള മുഴുവൻ മാർഗ നിർദേശങ്ങളും പൂർണ്ണമായും പാലിക്കേണ്ടതുണ്ട്. ഇത് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ്.***

# 1. ആരോഗ്യമാണ് സമ്പത്ത്

- സാമൂഹിക അകലം പാലിച്ചുകൊണ്ട് വ്യായാമത്തിൽ ഏർപ്പെടുക
- വ്യായാമങ്ങൾ സ്ഥാപനത്തിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് അനുസൃതമായി നടത്തുക
- വ്യായാമ പ്രവർത്തനങ്ങൾ സ്ഥാപനനത്തിനകത്ത് തന്നെ പരിമിതപ്പെടുത്തുക
- പുറത്തുനിന്നുള്ള പരിശീലകരെ ഒഴിവാക്കുക
- നടത്തുന്ന വ്യായാമങ്ങൾ കുട്ടികൾക്ക് ആരോഗ്യ പരിരക്ഷ നല്കുന്നതാണെന്ന് ഉറപ്പുവരുത്തുക
- ശാരീരിക ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് അവർക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ മാത്രം നൽകുക



## 2. **മാജിക് പേപ്പർ**


Magic Paper
മാജിക് പേപ്പർ
കടലാസ് കൊണ്ട് വിസ്മയം തീർക്കാം
കുട്ടികൾ സ്വന്തമായ് കടലാസ് ഉപയോഗിച്ച് വസ്തുക്കൾ നിർമിക്കുക
നിർമ്മാണരീതി പറഞ്ഞുതരുകയോ വീഡിയോ നൽകുകയോ ചെയ്യുന്നതാണ്
സ്ഥാപന മേധാവി/കൗൺസിലർ മേൽനോട്ടം വഹിക്കുന്നതാണ്
`കുസൃതി ഇനി കടലാസിലൂടെ........'

# 3. വരയും കുറിയും




നമ്മുടെ സ്ഥാപനത്തിലെ കുട്ടികൾക്ക് പല വിധത്തിലുള്ള സർഗാത്മക കഴിവുകൾ ഉള്ളവരാണ്. ആ കഴിവുകൾ പ്രകടമാക്കാൻ ഈ കൊറോണകാലത്ത് ഒരു അവസരം. സമകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ നൽകി കഥാ, കവിതാ, ചിത്ര കാർട്ടൂൺ രചനാ മത്സരങ്ങൾ, കോളാഷ് എന്നിവ സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ സ്ഥാപനത്തിൽ നടത്തവുന്നതാണ്.

## <u>ചിത്രരചന</u>

- വിഷയം: ***'കുട്ടിക്കാലം'***
- ക്രയോൺസ് ഉപയോഗിച്ചുള്ള ചിത്രങ്ങളായിരിക്കണം വരക്കേണ്ടത്.
- ചാർട്ട് പേപ്പർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ എ4 പേപ്പറിലും ചിത്രം വരക്കാം.
- പുറത്തു നിന്നുള്ള/ മുതിർന്ന ആളുകളുടെ സേവനം ലഭ്യമാക്കാൻ പാടില്ല.
- ചിത്രത്തിന് പിറകിൽ കുട്ടിയുടെ പേര്, വയസ്സ്, ക്ലാസ്സ്, സ്ഥാപനം എന്നിവ രേഖപ്പെടുത്തിയിരിക്കണം.
- ഒരു കുട്ടിയിൽ നിന്നും ഒരു എൻട്രി മാത്രമേ സ്വീകരിക്കുകയുള്ളൂ.
- സ്ഥാപന മേധാവിയുടെ വ്യക്തമായ ശുപാർശയോടെയായിരിക്കണം ഇവ സമർപ്പിക്കേണ്ടത്.

# 4. WOW (Wealth Out of Waste)

പാഴ് വസ്തുക്കൾ എന്നും നമുക്ക് തലവേദനയാണ് എന്നാൽ ഈ പാഴ് വസ്തുക്കൾ കൊണ്ട് കൗതുകമുണർത്തുന്ന കരകൗശല വസ്തുക്കൾ നിർമിക്കാനായാലോ?. പാഴ് വസ്തുക്കൾ കൊണ്ട് എങ്ങനെ ഉപകാരപ്രദമായ അലങ്കാര വസ്തുക്കൾ നിർമിക്കാമെന്ന് കുട്ടികൾക്ക് വിവരിച്ചുകൊടുക്കുക അല്ലെങ്കിൽ ഈ വിവരങ്ങൾ നൽകുന്ന വീഡിയോകൾ കുട്ടികൾക്കായി പ്രദർശിപ്പിക്കുക. നമ്മുടെ ചുറ്റുപാടുമുള്ള പാഴ് വസ്തുക്കൾ ശേഖരിച്ച് കുട്ടികളോട് ഇത്തരം അലങ്കാര വസ്തുക്കൾ നിർമിക്കാൻ ആവശ്യപ്പെടുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ ഉപയോഗിക്കാൻ ഒരു അവസരമായി ഇതിനെ കാണുകയും ചെയ്യുക.



# 5. റിയാലിറ്റി ഷോ

കുട്ടികളിൽ വ്യത്യസ്തമായ കലാ വാസനകൾ പ്രകടിപ്പിക്കുന്നവർക്ക് ഒരു അവസരമായി സംഗീതം, കോമഡി സ്കിറ്റ്, നാടകം എന്നിവയിൽ സ്ഥാപനങ്ങളിൽ ഒരു റിയാലിറ്റി ഷോ സംഘടിപ്പിക്കുകയും അതിൽ ആദ്യസ്ഥാനം ലഭിക്കുന്നവരുടെ വീഡിയോ റെക്കോർഡിങ് ചെയ്ത സമർപ്പിക്കാവുന്നതാണ്.



# 6. പച്ചക്കറി ത്തോട്ടം, പൂന്തോട്ടം.

നമ്മുടെ മികച്ച ആരോഗ്യത്തിന് നല്ല ആഹാരം ആവശ്യമാണ്. ആഹാരത്തിൽ നമുക്കാവുന്നത് നമ്മൾ തന്നെ കൃഷി ചെയ്യുന്നതും നല്ലത് തന്നെ. ഈ കൊറോണകാലത്ത് അങ്ങനെ ഒരു പച്ചക്കറിത്തോട്ടം, പൂന്തോട്ടം ആരംഭിക്കാം. കുട്ടികൾക്കു പ്രകൃതിയുമായി ഇണങ്ങിച്ചേരാനും കൃഷി രീതികൾ മനസിലാക്കുവാനും ഇത് കൊണ്ട് സാധിക്കും. ഓരോ കുട്ടിക്കും ആവിശ്യമായ ഇടം നൽകുകയോ, ഓരോ ഗ്രോ ബാഗ് നൽകുകയോ ചെയ്ത്, അവർ നടുന്ന ചെടികൾ അവർക്കുതന്നെപരിചരിക്കാൻ അവസരം നൽകൂ...

ആ ചെടിയിൽ വരുന്ന മാറ്റങ്ങൾ ഒരു പുസ്തകത്തിൽ കുറിച്ചിടുകയും കൃഷി കുറിപ്പ് മാസാവസാനം ക്രോഡീകരിച്ച് ഒരു കൈപ്പുസ്തകം തയ്യാറാകുകയും ചെയ്യാവുന്നതാണ്. കൂടാതെ ചെടികൾ നടന്ന രീതിയും അതിന്റെ ഓരോ ഘട്ടത്തിലെ വളർച്ചയും ഡോക്യുമെന്റ് ചെയ്യാവുന്നതുമാണ്. അവരിലെ മികച്ച കുട്ടി കർഷകയെ നമുക് കണ്ടെത്താം.



# 7. ക്യാമറ കണ്ണിലൂടെ

സ്ഥാപനത്തിലെ കുട്ടികളെ വച്ചുകൊണ്ട് തന്നെ അവരുടെ ആശയം ഉപയോഗിച്ചുകൊണ്ട് ക്രിയാത്മകമായ രീതിയിൽ മൊബൈലോ വീഡിയോ ക്യാമറയോ ഉപയോഗിച്ച് സ്ഥാപന മേധാവിയുടെയോ, കൗൺസിലറുടെയോ മേൽനോട്ടത്തിൽ ഷോർട്ട് ഫിലിം നിർമ്മിക്കാവുന്നതാണ്.




# 8. പ്രകൃതിയെ അറിയാം

നമുക്ക് ചുറ്റുമുള്ള മരങ്ങൾ, ചെടികൾ അവയെ നാം പരിസ്ഥിതി ദിനത്തിൽ മാത്രം ഓർക്കുന്ന ഒന്നാണ്. അതിൽ ഒരു മാറ്റത്തിനായി ചിൽഡ്രൻസ് ഹോമിന്റെ ചുറ്റുമുള്ള മരങ്ങൾ നിരീക്ഷിക്കാൻ ഒരു അവസരം കുട്ടികൾക്കു നൽകാം. കൂട്ടത്തോടെയുള്ള നിരീക്ഷണം തീർത്തും ഒഴിവാക്കി സാമൂഹിക അകലം പാലിച്ചു തന്നെയാകട്ടെ നിരീക്ഷണവും .നിരീക്ഷണത്തോടൊപ്പം മരങ്ങളുടെ പേരുകളും ശാസ്ത്രീയ നാമം കണ്ടെത്താനും കുട്ടികളെ സ്ഥാപന അധികൃതർ സഹായിക്കേണ്ടതാണ്.



# ൯. രുചിക്കൂട്ട്

ദൈനം ദിന പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപനത്തിൽ ഭക്ഷണം തയ്യാറാക്കുന്നതിൽ കുട്ടികൾക്കു ഒരു അവസരം നൽകാം. സ്ഥാപനത്തിലെ പാചകക്കാരന്റെ നേതൃത്വത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താം. കൂടാതെ കുട്ടികൾക്കു തങ്ങളുടെ സ്വന്തം രുചിക്കൂട്ട് തയ്യാറാക്കുന്നതിനും അവസരം നൽകാവുന്നതാണ്. (ഭക്ഷണ പദാർത്ഥങ്ങൾ പാഴാക്കാതിരിക്കുന്നതിനും കുട്ടികളെ കൊണ്ട് അമിത ജോലി ചെയ്യിക്കാതിരിക്കുന്നതിനും സ്ഥാപന മേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്)



# 10. ചോദ്യാവലി തയ്യാറാക്കൽ

- വിഷയം: '*കോവിഡ് 19*'
- പത്രം/ടിവി/ഇന്റർനെറ്റ് തുടങ്ങിയ ഏതു മാധ്യമവും ഉപയോഗിക്കാം.
- ഓരോ ചോദ്യത്തിന്റെയും ഉത്തരം, സോഴ്സ് എന്നിവ ചോദ്യത്തിന് താഴെയായി രേഖപ്പെടുത്തിയിരിക്കണം.
- ചോദ്യങ്ങൾ ആവർത്തിക്കാൻ പാടുള്ളതല്ല.
- ചോദ്യങ്ങൾ അർത്ഥവത്തായിരിക്കണം
- മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കാം.
- കുട്ടിയുടെ പേര്, വയസ്സ്, ക്ലാസ്സ്, സ്ഥാപനം എന്നിവ രേഖപ്പെടുത്തിയിരിക്കണം.
- സ്ഥാപന മേധാവിയുടെ വ്യക്തമായ ശുപാർശയോടെയായിരിക്കണം ഇവ സമർപ്പിക്കേത്.



# 11. ഹാൻഡ് വാഷ് ചലഞ്ച്

നമുക്കറിയാം കൊറോണയുടെ സമൂഹ വ്യാപനം തടയുന്നതിന് നമുക്ക് ചെയ്യാവുന്ന കാര്യം വ്യക്തി ശുചിത്യം പാലിക്കുക, സോപ്പ് ഹാൻഡ് വാഷ് ന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ചു കൈകൾ കത്യമായ ഇടവേളകളിൽ 20 സെക്കന്റ് നേരത്തേക്ക് കഴുകുക എന്നതാണ്. വീഡിയോ റെക്കോർഡിങ് ചെയ്ത സമർപ്പിക്കാവുന്നതാണ്.



# 12. കഥാ രചന



ഉണ്ണികളേ
ഒരു കഥ പറയാം..
ജില്ലാ ശിശു സംരക്ഷണ യുണിറ്റ്,
ജില്ലാ വനിതാ ശിശു വികസന
ഓഫീസിന്റെ സഹകരണത്തോടെ ഒരുക്കുന്നു.
10-വയസ്സിനു താഴെ ഉള്ള കുട്ടികൾക്കായുള്ള
STORY
TELLING CONTEST
നിങ്ങൾ ചെയ്യേണ്ടത്
കൊറോണ പകരുന്നത് എങ്ങനെ?, പ്രതിരോധ മാർഗ്ഗങ്ങൾ എന്തൊക്കെ? എന്നീ വിഷയങ്ങൾ ആധാരമാക്കി നിങ്ങളുടെ ഭാവനയ്ക്ക് അനുസൃതമായി കുട്ടികഥകൾ ഉണ്ടാക്കി വീട്ടിലെ കൊച്ചു മിടുക്കൻ/ മിടുക്കിമാരെക്കൊണ്ട് പറയിപ്പിക്കുക അത് 2 മിനിറ്റ് (120 Sec) ഉള്ള ഓഡിയോ അല്ലെങ്കിൽ വീഡിയോ ക്ലിപ്പ് ആയി നിങ്ങളുടെ കുട്ടിയുടെ പേര്, വയസ്സ്, വിലാസം, പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ വിലാസം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി ചുവടെ നൽകിയിട്ടുള്ള നമ്പറിലേക്ക് Whatsapp ചെയ്യുക.


# 13. പറവകൾക് ഒരു തണ്ണീർക്കുടം

സ്ഥാപനത്തിൽ ഉള്ള മരങ്ങളിൽ നമുക്ക് ചുറ്റുമുള്ള കിളികൾക് നമുക് ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ഒരു തണ്ണീർക്കുടം തയ്യാറാക്കാം .കിളികളുടെ ദാഹം അകറ്റാനും നമുക് നല്ലൊരു കാഴ്ചയാകുകയും ചെയ്യും .നമുക്ക് കിളികൾക് വിരുന്നൊരുക്കാം. നമ്മളും നമുക്ക് ചുറ്റുമുള്ള ജീവികളും ഭൂമിയുടെ അവകാശികളാണ് എന്ന ഓർമപ്പെടുത്തൽ കൂടി ഈ ഭൗമ ദിനത്തിൽ (ഏപ്രിൽ 22)



# 14. കുറ്റിപെൻസിൽ

കോവിഡ് ജാഗ്രത ഉള്ളത് കൊണ്ട് മധ്യവേനലവധി ഇത്തവണ നേരത്തെ എത്തി.എല്ലാവർഷത്തെയും പോലെ ഈ വർഷം ഓർമയിൽ നിൽക്കാൻ ഒരു മാഗസിൻ തയ്യാറാക്കാം .സ്ഥാപനത്തിലെ  കുട്ടികളുടെ രചനാപരമായ കഴിവുകൾ ഉൾപ്പെടുത്തി ഒരു മാഗസിൻ .കുട്ടികളിൽ നിന്നും തന്നെ ഒരു എഡിറ്ററേയും ഡിസ!!ൈ!!നേരെയും കണ്ടെത്തി അവരെ കൊണ്ട് തന്നെ മാഗസിൻ പൂർത്തീകരിക്കുക .മാതൃകlായി മറ്റു മാഗസിനുകൾ സ്ഥാപന മേധാവിക്ക് കാണിച്ചു നൽകാവുന്നതാണ്



# 15. ദ്യുതി

പാരഡി വീഡിയോകളുടെയും ട്രോളുകളുടെയും ഇടയിലാണ് നാം. അതിനിടയിൽ കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഒരു ഗാനം തെരഞ്ഞെടുത്ത് അതിനൊരു വീഡിയോ ആവിഷ്കാരം തയ്യാറാക്കാം .സ്ഥാപനത്തിലെ മേധാവിയുടെയോ കൗൺസിലറുടെയോ മൊബൈൽ ഫോണിൽ തയ്യാറാക്കാവുന്നതാണ്.ഏപ്രിൽ 29 അന്താരാഷ്ട്ര നൃത്ത ദിനം കൂടിയാണ്.



## 16. ചോട്ടാ സയന്റിസ്റ്

കുട്ടികൾക്കിടയിൽ കുട്ടി ശാസ്ത്രജ്ഞൻമാരെ കണ്ടെത്താൻ ഒരു അവസരം. ഇത്തരം കഴിവുകളുള്ള കുട്ടികൾക്ക് ഒരു പ്രോത്സാഹനവും ആകും. ഓരോ ചെറിയ കണ്ടെത്തലുകളും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

